## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4325 13/12/2018 ൽ മറുപടിയ്ക്ക്

### പ്രളയാനന്തര സംസ്ഥാന പുനർനിർമ്മാണത്തിൽ സഹകരണ മേഖലയുടെ പങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | പ്രളയാനന്തര സംസ്ഥാന പുനർനിർമ്മാണത്തിൽ സഹകരണ മേഖല ഏതെല്ലാം വിധത്തിൽ ഭാഗഭാക്കാകുമെന്നത് വ്യക്തമാക്കുമോ; | എ) | പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala – Co-operative Alliance to Rebuild Kerala) എന്ന പേരിൽ കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ എല്ലാം പൂർത്തിയായിട്ടുണ്ട്.<br><br>പ്രകൃതി ക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തിരം കെയർ ലോൺ എന്ന പേരിലുള്ള വായ്പ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപക-രണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace). |
| ബി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സഹകരണ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | ബി) | സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാം ഘട്ടമായി 2000 വീടുകൾ നിർമ്മിച്ച നൽകുന്നുണ്ട്. ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. പ്രളയ കെടുതിയിൽ പൂർണ്ണമായും ഭവനം നഷ്ടപ്പെട്ട ദുരന്ത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ 5 ലക്ഷം രൂപയുടെ വീട് നിർമ്മിച്ച് നൽകുന്നതിന് CARe Home എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| സി) | പ്രസ്തുത വീടുകളുടെ നിർമ്മാണം സംബന്ധിച്ചും നിർമ്മാണ ചുമതല ഏൽപ്പിക്കുന്ന ഏജൻസി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; | സി) | സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാം ഘട്ടമായി 2000 വീടുകൾ നിർമ്മിച്ച നൽകുന്നുണ്ട്. ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ച നൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതാത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിവരെയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്നു മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കെയർലോൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | ഡി) | ഉണ്ട്. പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപക-രണങ്ങൾ വാങ്ങുന്നതിനോ വീടിന്റെ ചെറിയ അറ്റകുറ്റപണികൾക്കായി സാധനങ്ങൾ വാങ്ങുന്നതിനോ നഷ്ടമായ ജീവനോപാധികൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | (കോഴി, ആട് മുതലായ മുതൽമുടക്ക് കുറഞ്ഞ സംരംഭങ്ങൾ മാത്രം) എന്നിവ നേടുന്നതിനോ ഈ വായ്പാ തുക ഉപയോഗിക്കാവുന്നതാണ്.<br>കുടുംബശ്രീ അയൽക്കൂട്ട വായ്പയായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. പരമാവധി ഒരു ലക്ഷം രൂപയാണ് ഒരു വ്യക്തിയ്ക്ക് വായ്പയായി ലഭിക്കുന്നത്. എന്നാൽ ബാങ്കിന്റെ വ്യവസ്ഥയനുസരിച്ച് ഒരു അയൽക്കൂട്ടത്തിന് യാതൊരു ഈടുമില്ലാതെ ബാങ്ക് അനുവദിക്കുന്ന പരമാവധി വായ്പാ തുക 10 ലക്ഷമായതിനാൽ (നിലവിലെ ബാധ്യതയും പുതുതായി അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന വായ്പയും ചേർന്ന് 10 ലക്ഷം രൂപയിൽ അധികരിക്കരുത്) ഇതിനുള്ളിൽ വരുന്ന തുക വായ്പ തുകയായി അയൽക്കൂട്ടത്തിന് ബാങ്കിനോട് ആവശ്യപ്പെടുവാൻ കഴിയുകയുള്ളൂ.<br>36 മാസം മുതൽ 48 മാസം വരെയായിരിക്കും തിരിച്ചടവ് കാലാവധി. വായ്പ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കും. വായ്പാതിരിച്ചടവിൽ മനപൂർവ്വമായ വീഴ്ച വരുത്തുന്നവരെ പ്രത്യേക പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള സർക്കാരിന്റെ എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യും. കുടുംബശ്രീ അയൽക്കൂട്ടത്തിനായിരിക്കും വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടം അർഹരായ വ്യക്തിഗത അപേക്ഷകർക്ക് ലഭ്യമാക്കും.<br>സർക്കാർ പ്രഖ്യാപിച്ച ഒറ്റ തവണത്തെ ആശ്വാസ ധനസഹായമായ 10,000/- രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭ ബാധിത പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളാണ് ഈ വായ്പ പദ്ധതിയിൽ ഉൾപ്പെടുക.<br>ഇത്തരത്തിൽ 10,000/- രൂപയുടെ സർക്കാർ ധനസഹായം ലഭിച്ച കുടുംബത്തിലെ ഗൃഹനാഥ/വനിതാ കുടുംബാംഗം നിലവിൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലായെങ്കിൽ അംഗത്വം സ്വീകരിക്കുന്ന മുറയ്ക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വായ്പാ കാലയളവിൽ ഇവർ അയൽക്കൂട്ടത്തിൽ തുടരണമെന്ന് ഉറപ്പാക്കണം. |

| | | | |
|---|---|---|---|
| ഇ) | സഹകരണ മേഖലയിലെ ആശുപത്രികളെയും ക്ലിനിക്കുകളെയും മെഡിക്കൽ സ്റ്റോറുകളെയും കോർത്തിണക്കി പ്രളയദുരിതബാധിതരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുമോ; | ഇ) | സഹകരണ മേഖലയിൽ ചെറുതും വലുതുമായ 120 ഓളം ആശുപത്രികൾ, നിരവധി ക്ലിനിക്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ദുരിതബാധിതരായ ജനവിഭാഗത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഈ യൂണിറ്റുകളെ കോർത്തിണക്കി പരിശോധന-ചികിത്സാ സൗകര്യങ്ങൾ സൗജന്യമായോ, കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുന്നതിനും രോഗ പ്രതിരോധം, മാലിന്യ സംസ്കരണം, ജല സ്രോതസ്സുകളുടെ നവീകരണം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകുന്നതിനും പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി സഹകരണ വകുപ്പ് കെയർ ഗ്രേസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| എഫ്) | ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സൗകര്യങ്ങൾ നൽകുന്നതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; | എഫ്) | സഹകരണ സംഘങ്ങളുടെ പൊതു നന്മഫണ്ടിൽ നിന്നും പഠനോപകരണങ്ങൾ നഷ്ടപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 44/2018 നമ്പർ സർക്കുലർ നിർദ്ദേശം 29.8.2018 ന് നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ജി) | സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് എന്തെല്ലാം സേവനങ്ങൾ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?. | ജി) | പ്രളയ ബാധിതരെ സഹായിക്കുന്നതിന് സഹകരണ വകുപ്പ് CARE Kerala-യിൽ ഉൾപ്പെടുത്തി CARe Grace എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

ജി(4)16511/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 29.8.2018

**സർക്കുലർ നമ്പർ 44 /18**

വിഷയം- സഹകരണ വകുപ്പ്- പ്രളയ ദുരന്തം- പഠനോപകരണങ്ങൾ - ധനസഹായം സംബന്ധിച്ച്

*****

2018 ആഗസ്റ്റ് മാസം സംസ്ഥാനത്ത് ഉണ്ടായ പ്രളയ ദുരന്തം മൂലം നിരവധി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. പഠനോപകരണങ്ങൾ നഷ്ടപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കുന്നതിലേയ്ക്ക് സഹകരണ സംഘങ്ങളുടെ പൊതുനന്മാ ഫണ്ടിൽ നിന്നും ആവശ്യമായ ധനസഹായം നൽകുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
എസ്. ഷാനവാസ്, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   (ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്) മുഖേന)
4. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. ജനറൽ മാനേജർ എല്ലാ ഡി.സി.ബി യ്ക്കും
6. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
7. സ്റ്റോക്ക് ഫയൽ
8. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)